**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5160** **02-11-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളെയും കോളേജുകളെയും വിലയിരുത്തുന്നതിനുള്ള പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സവിശേഷ സാമൂഹിക, അക്കാദമിക, പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ച് സർവ്വകലാശാലകളെയും കോളേജുകളെയും വിലയിരുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സർവ്വകലാശാലകളെയും കോളേജുകളെയും വിലയിരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ സ്റ്റേറ്റ് ലെവൽ അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. യു.ജി.സി യുടെ 2012 (Mandatory Assessment and Accreditation of Higher Education Institution) റെഗുലേഷൻ, രാജ്യത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നിർബന്ധമാക്കിയിരുന്നു. അതുപോലെ തന്നെ, 2018 ലെ യു.ജി.സി റെഗുലേഷൻ (Recognition and Monitoring of Assessment and Accreditation Agency) അനുസരിച്ച് സംസ്ഥാനതലത്തിൽ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് സർക്കാർ ഏജൻസികൾക്ക് പ്രവർത്തനാംഗീകാരം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019-20 ൽ സർക്കാർ സാക്കിനായി പ്രത്യേകം 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ പ്രവർത്തിച്ചുതുടങ്ങുമ്പോൾ അത് യു.ജി.സി വിഭാവനം ചെയ്ത ദിശയിലെ രാജ്യത്തെ തന്നെ പ്രഥമ കാൽവെയ്പ്പായിരിക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനൊപ്പം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്താനും സാക്കിനാകും: നാക്ക് അക്രഡിറ്റേഷൻ, ഗ്രേയ്ഡിംഗ് പ്രക്രിയകൾക്ക് വിധേയമാകാൻ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ തയ്യാറെടുപ്പിക്കൽ ദേശീയതല വിലയിരുത്തലിന് വിധേയമാകാൻ സ്ഥാപനങ്ങൾക്ക് പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകൽ സർവകലാശാലകൾ, സർക്കാർ - എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് പുറമേ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ കോളേജുകൾ തുടങ്ങിയവ യുടെയും പ്രവർത്തനവും മികവും വിലയിരുത്തി അക്രഡിറ്റേഷനും ഗ്രെയ്ഡും നൽകൽ. അന്താരാഷ്ട്ര, അന്തർദേശീയ തലങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും ഉദിച്ചുവരുന്ന പ്രവണതകളെക്കുറിച്ചും സർവ്വകലാശാലകൾക്കിടയിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിലും അവബോധമുണ്ടാക്കി കാലത്തിനൊത്ത് മാറാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കൽ അക്കാദമിക മികവ് വിലയിരുത്തുന്നതിന് ദേശീയ മാനദണ്ഡങ്ങൾക്ക് പുറമെ, സംസ്ഥാനത്തിന്റെ സവിശേഷതകൾക്കനുസൃതമായ മാന ദണ്ഡങ്ങൾ കൂടി വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന സമീപനം നടപ്പിലാക്കൽ. സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ സമീപനങ്ങളും പദ്ധതികളും ഉൾക്കൊള്ളാനും പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാനും സ്ഥാപനങ്ങളെ പ്രേരിപ്പിക്കൽ. |
| (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അസ്സസ്മെന്റും അക്രഡിറ്റേഷനും പൂർത്തിയാക്കുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | NAAC ൽ വിഭാവനം ചെയ്തിട്ടുള്ള 5 കോർ വാല്യൂസിന് പുറമേ, Social Inclusiveness, Equity and Excellence, Scientific temper and secular outlook എന്നീ 3 കോർ വാല്യൂസ് കൂടി സ്ഥാപനങ്ങളെ സ്റ്റേറ്റ് സ്പെസിഫിക് ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത മാനദണ്ഡങ്ങൾ നാഷണൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ മാനദണ്ഡങ്ങളെ അടിസ്ഥാമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | NAAC ൽ വിഭാവനം ചെയ്തിട്ടുള്ള 5 കോർ വാല്യൂസിന് പുറമേ, Social Inclusiveness, Equity and Excellence, Scientific temper and secular outlook എന്നീ 3 കോർ വാല്യൂസ് കൂടി സ്ഥാപനങ്ങളെ സ്റ്റേറ്റ് സ്പെസിഫിക് ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | മേൽ പ്രവർത്തനങ്ങൾ മുഖേന ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ? | (ഡി) | ഉന്നത വിദ്യാഭ്യാസത്തിന്റെ വ്യാപനത്തോടുകൂടി സ്ഥാപനങ്ങളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്ന സാഹചര്യത്തിൽ അക്രഡിറ്റേഷൻ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന ഒരു സംവിധാനമാണ്. നേട്ടങ്ങൾ ചുവടെ ചേർക്കുന്നു: a) വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | സൂചനകളും കോഴ്സുകളെ സംബന്ധിച്ച സ്ഥാപനത്തിന്റെ അക്കാദമിക പ്രവർത്തന മികവും ഇതിലൂടെ മനസ്സിലാക്കാൻ കഴിയും. b) അഭിരുചിക്ക് അനുസൃതവും, ഉന്നനിലവാരവും തൊഴിൽ സാധ്യതകളുമുള്ള പ്രോഗ്രാമുകൾ തിരഞ്ഞെടുക്കാൻ അക്രഡിറ്റേഷൻ വിദ്യാർത്ഥികളെ സഹായിക്കും. c) അക്രഡിറ്റേഷനും ഫണ്ടിംഗും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമായിട്ടുള്ള സാഹചര്യത്തിൽ കേന്ദ്രസർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള അക്രഡിറ്റേഷൻ ഗ്രേഡിന്റെ അടിസ്ഥാനത്തിലാണ് ഫണ്ടുകൾ ഇപ്പോൾ വിതരണം ചെയ്യുന്നത്. (ഉദാ: RUSA) d) തൊഴിൽ ദാതാക്കൾ ഉദ്യോഗാർത്ഥികളെ വിവിധ തൊഴിൽ മേഖലയിലേയ്ക്ക് തിരഞ്ഞെടുക്കുമ്പോൾ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ നിലവാരവും പരിഗണിക്കാറുണ്ട്. e) വാഷിംഗ്ടൺ അകോഡ് (Washington Accord) ൽ ഒപ്പ വച്ചിട്ടുള്ള രാജ്യങ്ങളിലെ എൻ.ബി.എ അക്രഡിറ്റേഷൻ ഉള്ള പ്രോഗ്രാമുകൾ പഠിച്ചിറങ്ങിയ എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്ക് വിദേശ സർവ്വകലാശാലകളിലും തൊഴിൽ കമ്പോളത്തിലും പ്രത്യേക പരിഗണനകൾ ലഭിക്കാറുണ്ട്. f) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് അക്രഡിറ്റേഷന് ലഭിച്ചിട്ടുള്ള ഗ്രേഡുകളും ഒരു മാനദണ്ഡമായി പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ